**കേന്ദ്ര വിദേശകാര്യ മന്ത്രി ധാക്ക സന്ദര്ശിക്കുന്നു (ജൂണ് 25-27, 2014)**

ജൂണ് 21, 2014
ഇന്ത്യയുടെ വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീമതി സുഷമ സ്വരാജ് സൌഹൃദ സന്ദര്ശനത്തിനു ബംഗ്ലാദേശിലേക്ക് പോകുന്നു . ജൂണ് 25-27, 2014 ലാണ് സന്ദര്ശനം . ബംഗ്ലാദേശ് വിദേശകാര്യ മന്ത്രി ആദരണീയനായ ശ്രീ അബുല് ഹസ്സന് മഹമൂദിന്റെ ക്ഷണം അനുസരിച്ചാണ് സന്ദര്ശനം .
വിദേശകാര്യ മന്ത്രിയായത്തിനു ശേഷം ശ്രീമതി സുഷമ സ്വരാജിന്റെ തനിയെയുള്ള ആദ്യത്തെ വിദേശ സന്ദര്ശനം ആണിത്. ബംഗ്ലാദേശുമായി ഇന്ത്യ സൂക്ഷിക്കുന്ന ഉഭയകക്ഷി ബന്ധങ്ങള് , വളരെ അടുത്ത സുഹ്രുത്ത് , അയല് രാജ്യം എന്ന പ്രത്യേകതകള് എന്നിവ സന്ദര്ശനത്തില് പ്രധാനമായി പ്രതിഫലിക്കുന്നു .

സന്ദര്ശനത്തിന്റെ ഭാഗമായി ശ്രീമതി സുഷമ സ്വരാജ് ബംഗ്ലാദേശ് വിദേശകാര്യ മന്ത്രിയുമായി ഉഭയകക്ഷി വിഷയങ്ങള് ചര്ച്ച ചെയ്യും. അതോടൊപ്പം ബംഗ്ലാദേശ് പ്രസിഡണ്ട് ആദരണീയനായ അഡ്വ. ശ്രീ അബ്ദുള് ഹമീദ് , പ്രധാനമന്ത്രി ആദരണീയയായ ഷേക്ക് ഹസീന എന്നിവരുമായി കൂടിക്കാഴ്ച നടത്തും. അതിനു പുറമേ , ചിന്തകര് , ചേംബര് ഓഫ് കൊമേഴ്സ് ആന്ഡ് ഇന്ഡസ്ട്രി , സാംസ്ക്കാരിക സംഘടനകള് എന്നിവരുമായും മന്ത്രി കൂടിക്കാഴ്ചകള് നടത്തും.

ഈ സന്ദര്ശനം ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള വളരെ അടുപ്പമുള്ളതും സൌഹൃദമുള്ളതുമായ ബന്ധങ്ങള്ക്ക് കൂടുതല് വേഗത്തിലാക്കുവാന് നല്കുവാന് സഹായിക്കും.

ന്യൂഡെല്ഹി
ജൂണ് 21, 2014